ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

പകർച്ചപ്പനി ബാധിച്ചവരുടെ കണക്ക്

8 (3439) ശ്രീ. മല്ലിക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2015-ൽ നാളിതുവരെ പകർച്ചപ്പനി ബാധിച്ച് വിവിധ ആശുപത്രികളിൽ എത്ര ആളുകൾ ചികിത്സ തേടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ ?

ഉത്തരം

ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഡെപ്യൂട്ടേഷനിൽ പി.ജി.കോഴ്സിന് പോയ ഡോക്ടർമാരുടെ ശമ്പളം

9 (3440) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-ൽ ഡെപ്യൂട്ടേഷനിൽ ശമ്പളത്തോടെ പി. ജി. കോഴ്സിന് പോയ സർക്കാർ ഡോക്ടർമാർ എത്ര ; ഇവരിൽ എത്ര പേർക്ക് ശമ്പളം നൽകിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത ഡോക്ടർമാരിൽ കുറെ പേർക്ക് 24 മാസമായി ശമ്പളം ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവരുടെ പേരും, ശമ്പളം ലഭിക്കാത്തതിന്റെ കാരണവും വെളിപ്പെടുത്തുമോ ;

(സി) ശമ്പളം ലഭിക്കാത്തതു സംബന്ധിച്ചു ഡോക്ടർമാരുടെ ഹർജി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഹർജി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2013-ൽ 81 ഡോക്ടർമാർ സർവ്വീസ് ക്വാട്ടയിൽ പി.ജി. കോഴ്സിന് ചേർന്നിട്ടുണ്ട്. ഇവർ സർക്കാരിൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്കാണ് ഡെപ്യൂട്ടേഷൻ ബനിഫിറ്റ്സ് അനുവദിക്കുന്നത്.

(ബി&സി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly